"ഭരണഭാഷ - മാതൃഭാഷ"

നമ്പർ. പി.എൽ (3)/44515/2016/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 22/08/2016.

## സർക്കുലർ

**വിഷയം :** പൊതു വിദ്യാഭ്യാസം - പ്ലാൻസ്കീം - കലകളിൽ ശോഭിക്കുന്ന കുട്ടികൾക്ക് നൽകുന്ന ധനസഹായം - 2016-17 - സംബന്ധിച്ച് -

**സൂചന :** പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11/8/2016-ലെ നോട്ട് ഓർഡർ ഉത്തരവ്.

******

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കലകളിൽ ശോഭിക്കുന്ന വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് സർക്കാർ ഈ പദ്ധതി വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. കുടുംബ വാർഷികവരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും സബ്ജില്ലാ കലോൽസവത്തിൽ പങ്കെടുത്ത് ജില്ലാതലത്തിൽ മൽസരിക്കാൻ യോഗ്യത നേടുകയും ചെയ്ത കുട്ടികൾക്കാണ് ഈ ധനസഹായം നൽകിവരുന്നത്. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചുപ്പുഡി, മോഹിനിയാട്ടം, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം നൽകിവരുന്നത്. 05/03/2010-ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ (ആർ.ടി) നമ്പർ 970/10 ഉത്തരവിൽ യോഗ്യതയുള്ള ഓരോ കുട്ടിയ്ക്കും 10,000/- രൂപ വീതം ധനസഹായത്തിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2015-16 വർഷത്തിൽ സ്കൂൾ കലോൽസവത്തിൽ മേൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും ഒരിനത്തിൽ സബ്ജില്ലാതലത്തിൽ മൽസരിക്കുകയും ജില്ലാതലത്തിൽ മൽസരിയ്ക്കാൻ യോഗ്യത നേടുകയും, കുടുംബ വാർഷിക വരുമാനം 75,000/- രൂപയിൽ താഴെ വരികയും ചെയ്യുന്ന കുട്ടികളുടെ ലിസ്റ്റും വിശദവിവരങ്ങളും 03/09/2016 നകം ഈ ഓഫീസിലേക്ക് ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറത്തിൽ ഇ-മെയിൽ ചെയ്യേണ്ടതാണ്. ലിസ്റ്റിന്റെ ഒരു കോപ്പി തപാൽ വഴിയും അയയ്ക്കേണ്ടതാണ്. അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുന്ന കുട്ടികൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ധനസഹായം അനുവദിയ്ക്കുകയുള്ളൂ. ഓരോ ജില്ലയിലേയും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഇക്കാര്യം അറിയിച്ചുകൊണ്ടുള്ള പത്രവാർത്ത നൽകേണ്ടതാണ്.

ജെസ്സി ജോസഫ്,
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ),
പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും

എ.സി-23/8

റവന്യൂ ജില്ലയുടെ പേര് ………………………………………………

| ക്രമ നം. | കുട്ടിയുടെ പേര് | സ്കൂളിന്റെ പേര് | സർക്കാർ/ എയ്ഡഡ് | കുടുംബ വാർഷിക വരുമാനം | സബ്ജില്ലയിൽ പങ്കെടുത്ത ഇനം | സബ്ജില്ലയുടെ പേര് | വർഷം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |